II ഇ.ബി. XII- കേരള നിയമസഭ/X-5

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 ഫെബ്രുവരി 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12(*121) ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, കയ്യേറ്റഭൂമി ഒഴിപ്പിച്ച് വീണ്ടെടുക്കുന്നതിനായി ജില്ലകളിലും താലൂക്കുകളിലും രൂപീകൃതമായിട്ടുള്ള ടാസ്ക് ഫോഴ്സുകൾ 13672.04 ഏക്കർ സർക്കാർ ഭൂമി യിൽ അനധികൃത കൈയ്യേറ്റമുള്ളതായി കണ്ടെത്തുകയും അതിൽ 12732.90 ഏക്കർ ഭൂമി ഒഴിപ്പിച്ചെടുക്കുകയും ബാക്കിയുള്ള 939.14 ഏക്കർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ 1957-ലെ കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരമുള്ള ശക്തമായ നടപടികൾ നടത്തിവരികയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ടാസ്ക്ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്. ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനഫലമായി അനധി കൃതമായി സർക്കാർ ഭൂമി കയ്യേറിയവർക്കെതിരെ സംസ്ഥാനത്തൊട്ടാകെ

8777 എൽ.സി കേസ്സുകൾ ഉൾപ്പടെ 9140 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും നടപടികൾ നടന്നുവരുകയും ചെയ്യുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി 363 കേസ്സുകൾ വിവിധ കോടതികളിലായി നിലവിലുണ്ട്. ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തനമാരംഭിച്ച ഒരു സർക്കാർ സംരംഭ മാണ് ലാന്റ് ബാങ്ക്. സർക്കാർ ഭൂമിയുടെ മുഴുവൻ വിവരങ്ങളും ലാന്റ് ബാങ്കിൽ ശേഖരിക്കുന്നതിന്റെ ഭാഗമായി ആദ്യം റവന്യൂ ഭൂമിയുടെ വിവര ങ്ങൾ ജില്ലകളിൽ നിന്നും ശേഖരിക്കുകയും അവ വില്ലേജ് തലത്തിൽ വർഗ്ഗീ കരണവും കോഡിംഗും നടത്തി കമ്പ്യൂട്ടറിലേയ്ക്ക് മാറ്റുന്നതും നിലവിലുള്ള സർക്കാർ ഭൂമിയിലെ മുഴുവൻ കയ്യേറ്റങ്ങളും സമയബന്ധിതമായി ഒഴിപ്പിക്കു ന്നതുമാണ്. ലാന്റ് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് 2008-09 ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും ഇതിൽ 3 കോടി രൂപയ്ക്ക് 2-2-2009-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. കേരള ത്തിലാകെ 22267.85 ഹെക്ടർ സ്ഥലം ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ലാന്റ് ബാങ്കിൽ നിക്ഷേപിക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ വില്ലേജ് തലം മുതൽ വർഗ്ഗീകരണവും കോഡിംഗും നടത്തിയതിനുശേഷം മാത്രമേ ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്ന നടപടി പൂർത്തിയാക്കാൻ കഴിയൂ. ഇതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നുവരുന്നു. ലാന്റ് ബാങ്കിൽ

നിക്ഷേപിക്കാനായി റിപ്പോർട്ട് ചെയ്തതിൽനിന്നും ഇടുക്കി ജില്ലയിൽപ്പെട്ട 145 ഏക്കർ സ്ഥലം 1044 പേർക്കായി 23-02-2009--ന് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി കർശന വ്യവസ്ഥകളോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സർക്കാർ ഭൂമിയിലുള്ള കയ്യേറ്റക്കാരെ സമയബന്ധിതമായി ഒഴിപ്പിച്ച് ലാന്റ് ബാങ്കിന്റെ ബോർഡുകൾ സ്ഥാപിച്ച്, കമ്പിവേലി കെട്ടി സംരക്ഷിക്കുകയും അർഹരായവർക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തരിശുഭൂമി പതിച്ചു നൽകുന്നതുമാണ്. 5248 വ്യക്തികൾക്കും 767 സ്ഥാപനങ്ങൾക്കുമായി 4479.52 ഏക്കർ സ്ഥലം ലീസിന് നൽകിയിട്ടുണ്ട്. അതിൽ 57 കേസ്സുകളിൽ കോടതിയിൽ സ്റ്റേ നിൽക്കുന്നു. 744 കേസ്സുകളിൽ ലീസ് പുതുക്കി നൽകിയിട്ടുണ്ട്. സബ് കോടതിയിലുള്ള കേസ് വെക്കേറ്റ് ചെയ്ത് ഗോൾഫ് ക്ളബ്ബ് സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സ്ഥിരമായ വിജിലൻസ് ആന്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഒരു ജില്ലയിലെ ജോലി മാത്രം ചെയ്യാൻ കഴിയുന്ന തരത്തിൽ ആളുകളെ നിയോഗിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മിച്ചഭൂമി ഏറ്റെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ബോർഡിലും ഹൈക്കോടതിയിലുമായി രണ്ടായിരത്തിലേറെ കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആറളം ഫാമിലെ 1717 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വിതരണം ചെയ്യുകയും പട്ടികജാതി/പട്ടികവർഗ്ഗക്ഷേമവകുപ്പ് മുഖേന അവിടെ

വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ മാസം 23-ാം തീയതി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൂന്നാറിൽ ഭൂമി വിതരണത്തിനുള്ള തുടക്കം കുറിക്കുകയും 1044 പേർക്ക് ഓർഡർ ഓഫ് അസൈൻമെന്റ് കൊടുക്കുകയും ചെയ്തു. മൂന്നാറിലെ ഭൂമി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിസഭ ഉപസമിതി പരിശോധിച്ച് 17,000-ത്തോളം തോട്ടം തൊഴിലാളികൾക്ക് ഭൂമി ലഭ്യമാക്കി വീട് വച്ചുകൊടുക്കാനുള്ള വിപുലമായ പദ്ധതികൾ പട്ടകജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം, വനം, കൃഷി, ഡയറി ഡെവലപ്മെന്റ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് തൊഴിൽ കൂടി നൽകത്തക്ക രീതിയിൽ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള വിപുലമായ പദ്ധതികൾ നടപ്പാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. ഭൂമി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കോടതിയെ ബോധ്യപ്പെടുത്തി സമയബന്ധിതമായി മറ്റുള്ളവർക്കും ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ദേവികുളം താലൂക്കിലെ അർഹരായ പാവപ്പെട്ട തൊഴിലാളികൾക്കും സമയബന്ധിതമായി ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ പ്രത്യേക ടീമുകളെ വച്ച് വെരിഫിക്കേഷൻ നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ 30300-ഓളം അപേക്ഷകളിൽ 2,000-ത്തിൽ കൂടുതൽ അപേക്ഷകൾ ഇടുക്കി ജില്ലയിൽ നിന്നാണ് കിട്ടിയത്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഏറ്റവും വേഗത്തിൽ അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. അനർഹർ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

ഗവണ്മെന്റ് ഭൂമി, വനഭൂമി, സ്വകാര്യവ്യക്തികളുടെ ഭൂമി എന്നിങ്ങനെ വ്യക്തതയുണ്ടാക്കി ലാൻഡ് ബാങ്കിൽ നിക്ഷേപിച്ച് ഗവണ്മെന്റ് ആവശ്യത്തിനായി ഉപയോഗിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ചെങ്ങറ സമരവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം, വനം തുടങ്ങിയ വകുപ്പുമന്ത്രിമാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് ഭൂമി നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വയനാട് ജില്ലയിലെ പേര്യ വില്ലേജിൽ മിച്ചഭൂമി വിതരണത്തിൽ കോടതിയുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിനും കർഷകരിൽ നിന്ന് നികുതി സ്വീകരിച്ച് അവർക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടാതിരിക്കാനും നടപടി സ്വീകരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റ് കഴിയുന്നതുംവേഗം അളന്ന് തിട്ടപ്പെടുത്തി നിയമാനുസൃതം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും എസ്റ്റേറ്റിന് ആവശ്യത്തിനുള്ള ഭൂമി ലഭ്യമായില്ലെങ്കിൽ ആവശ്യമായ ഭൂമി ഗവണ്മെന്റ് കണ്ടെത്തി വിതരണം നടത്തണമെന്ന നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നതെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അറിയിച്ചു.

13 (*122) <u>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം</u>

റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ആഗസ്റ്റ് 12-ാം തീയതി നിലവിൽ വന്നതായും പ്രസ്തുത ആക്ടിന് കീഴിൽ വേണ്ട ചട്ടങ്ങൾ 2008 ഡിസംബർ 24-ാം തീയതിയിലെ ഉത്തരവുപ്രകാരം

പുറപ്പെടുവിച്ചിട്ടുള്ളതായും സഭയെ അറിയിച്ചു. സംസ്ഥാനത്തെ 39 കായലുകളും 7 ശുദ്ധജലതടാകങ്ങളും 127930 ഹെക്ടർ തണ്ണീർത്തടങ്ങളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പാസ്സാക്കിയ പ്രസ്തുത നിയമം വിവിധ വകുപ്പുകളുടെ സഹകരണവും ജനകീയ സമിതികളുടെ നേരിട്ടുള്ള നിരീക്ഷണവും ഉൾപ്പെടെ കൂട്ടായ സഹകരണം ഉറപ്പുവരുത്തി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പ്രാദേശികതല നിരീക്ഷണ സമിതികൾ ഉടൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തരിശിട്ടിട്ടുള്ള നെൽവയലുകൾ കൃഷി ചെയ്യുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചശേഷം നടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, വില്ലേജാഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, 3 കർഷക പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് പഞ്ചായത്തുതല നിരീക്ഷണ സമിതി. റവന്യൂ രേഖയിൽ നെൽവയൽ എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് ലാൻഡ് യൂസ് ബോർഡ്, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ മാപ്പിംഗ് നടത്തി ഡേറ്റാ ബാങ്ക് തയ്യാറാക്കി നിയമമനുസരിച്ച് പഞ്ചായത്തിൽ 10 സെന്റ്, നഗരത്തിൽ 5 സെന്റ് എന്ന രീതിയിൽ വീട് വയ്ക്കാനായി ഭൂമി കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം നെൽവയലുകളുടെ വിസ്തൃതിയിലും നെല്ലുൽപ്പാദനത്തിലും മാറ്റം വന്നിട്ടുണ്ട്. വെള്ളപ്പൊക്കവും ചുഴലിക്കാറ്റും തടയൽ, മഴവെള്ള സംഭരണം,

മലിനജലം ശുദ്ധമാക്കൽ തുടങ്ങിയ കാര്യങ്ങളും ഇതിലൂടെ സാധ്യമാക്കാൻ കഴിയുന്നതാണ്. കായൽ/നദീതീര കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് 4438 കേസ്സുകളും നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് 2580 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവശ്യമായ മോണിറ്ററിംഗ് നടത്തി കേസ്സുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര പരിസ്ഥിതി നിയമമനുസരിച്ച് തണ്ണീർത്തട സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കരട് ചട്ടങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതായി ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

14(*123) <u>സാമ്പത്തിക മാന്ദ്യം</u>

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, സാമ്പത്തികമാന്ദ്യം മൂലം സംസ്ഥാനത്തുണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ച പഠനം നടത്തി പ്രതിവിധി നിർദ്ദേശിക്കാൻ നിയോഗിക്കപ്പെട്ട സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സാമൂഹ്യസുരക്ഷിതത്വം വർദ്ധിപ്പിക്കുക, സാമ്പത്തിക ഉത്തേജക പദ്ധതികൾ കൈക്കൊള്ളുക, ഭരണനിർവ്വഹണം മെച്ചപ്പെടുത്തുക എന്നീ വിഷയങ്ങളിൽ ഊന്നിയുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്തതായി സഭയെ അറിയിച്ചു. പ്രസ്തുത ശുപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ നൽകാനായി വ്യവസായം, കൃഷി, ധനകാര്യം, ജലവിഭവം എന്നീ വകുപ്പുമന്ത്രിമാർ ഉൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുകയും അവർ റിപ്പോർട്ട് പഠിച്ചുവരികയുമാണ്.

സാമ്പത്തികമാന്ദ്യംമൂലം വിദേശത്ത് നിന്നുവരുന്ന മലയാളികളുടെ വിവരങ്ങൾ എയർപോർട്ടിൽ വച്ച് തന്നെ ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. രണ്ടു വർഷമെങ്കിലും ജോലി ചെയ്യാതെ തിരിച്ചുവരുന്നവർക്ക് (അൺ സ്കിൽഡ് ലേബറേഴ്സ്) ക്ഷേമനിധി ബോർഡിൽ നിന്ന് ധനസഹായം കൊടുക്കാനും മടങ്ങിവരുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കാൻ ഗവണ്മെന്റ് മുൻകയ്യെടുക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് കെ.എഫ്.സി.-യിൽ നിന്ന് ഇന്ററസ്റ്റ് സബ്വെൻഷനോടുകൂടി വായ്പ ലഭ്യമാക്കാനുമുള്ള പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതാണ്. കെ.എഫ്.സി.-യിൽ നിന്ന് പുതിയ വായ്പകൾ എടുക്കാൻ വരുന്നവരെ സഹായിക്കാനും വിപണിയെക്കുറിച്ച് സാങ്കേതിക ഉപദേശങ്ങൾ നൽകാനുമായി മാനേജ്മെന്റ് വിദഗ്ദ്ധരെ നിയോഗിക്കാനും ജീവനക്കാരുടെ മനോഭാവത്തിൽ മാറ്റം വരുത്താനായി എസ്.ബി.ടി.യുമായി ചേർന്ന് അവർക്ക് പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് മലയാളികളുടെ തിരിച്ചുവരവിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പാക്കേജ് കേന്ദ്രത്തിൽ സമർപ്പിച്ച് മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാൻ മുഖ്യമന്ത്രി ശ്രമിച്ചുവെങ്കിലും പ്രസ്തുത ആവശ്യം അംഗീകരിക്കാതെ കോർപ്പസ് ഫണ്ട് ഉണ്ടാക്കാമെന്നാണ് കേന്ദ്രം അറിയിച്ചിരിക്കുന്നത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ പാക്കേജിൽ 5,000 കോടി രൂപ കുടിവെള്ളം, ജലസേചനം, കെട്ടിട നിർമ്മാണം, റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിന് നൽകുന്നതതിനുള്ള ഭരണാനുമതി നൽകിത്തുടങ്ങിയിട്ടുണ്ടെന്നും ഏതെല്ലാം

പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നുള്ള വിവരം ഏപ്രിൽ മാസം മുതൽ വെബ്സൈറ്റിൽ കൊടുക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1105 മുതൽ 1379 വരെയുള്ള ചോദ്യങ്ങളിൽ 144 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)